പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 528

29.06.2011-ൽ മറുപടിയ്ക്ക്

## താമരശ്ശേരി താലൂക്കാശുപത്രിയിൽ ആവശ്യത്തിന് സ്റ്റാഫിനെ നിയമിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ: | ശ്രീ.അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ ആവശ്യത്തിന് സ്റ്റാഫ് ഇല്ലാത്തതിനാൽ അവിടെയെത്തുന്ന രോഗികൾക്ക് ചികിത്സയ്ക്ക് ബുദ്ധിമുട്ടുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) താമരശ്ശേരി താലൂക്കാശുപത്രിയിൽ നിലവിൽ അനുവദിച്ചിട്ടുള്ള ചില തസ്തികകളിൽ ഒഴിവുണ്ടെങ്കിലും ചികിത്സയെത്തുന്ന രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ ആശുപത്രിയുടെ പ്രവർത്തനം നടത്തുന്നുണ്ട്. |
| (ബി) പ്രസ്തുത താലൂക്കാശുപത്രിയിൽ പുതിയ സ്റ്റാഫ് പാറ്റേൺ പ്രകാരം അനുവദനീയമായ ജീവനക്കാരെ നിയമിക്കാൻ സത്വര നടപടി സ്വീകരിക്കുമോ? | (ബി) 67 കിടക്കകൾ അനുവദിച്ചിട്ടുള്ള താമരശ്ശേരി താലൂക്കാശുപത്രിയിൽ സർക്കാർ ഉത്തരവ് (എം.എസ്) നം. 568/2008/ആകുവ തീയതി 06.11.2008 പ്രകാരം താലൂക്ക് തലത്തിലുള്ള ആശുപത്രിയാക്കി ഉയർത്തിയിട്ടുണ്ട്. ഡോക്ടർമാരുടെ സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കിയതിനെത്തുടർന്ന് 5 അസിസ്റ്റന്റ് സർജൻ, ഒരു ഡെന്റൽ സർജൻ ഉൾപ്പെടെ 6 ഡോക്ടർമാരുടെ സേവനം ലഭിച്ചിരുന്ന സ്ഥാനത്ത് താലൂക്ക് ആശുപത്രിയായി ഉയർത്തിയശേഷം 9 ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. സ്റ്റാഫ് നഴ്സ് തസ്തികയിൽ നിലവിലുള്ള 2 ഒഴിവുകൾ നികത്തപ്പെടാത്ത സാഹചര്യത്തിൽ താൽക്കാലികാടിസ്ഥാനത്തിൽ 2 സ്റ്റാഫ് നഴ്സുമാരെ എൻ.ആർ.എച്ച്.എം. മുഖേന നിയമിച്ചിട്ടുണ്ട്. മറ്റു ജീവനക്കാരെ പുതിയ സ്റ്റാഫ് പാറ്റേൺ പ്രകാരം നിയമിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ